**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 121** **29-09-2025 - ൽ മറുപടിയ്ക്ക്**

**കലാകാര പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. എച്ച്. സലാം** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിർദ്ധനരായ കലാകാരന്മാർക്കും സാഹിത്യകാരൻമാർക്കും പ്രതിമാസ സഹായമായി നൽകുന്ന കലാകാര പെൻഷൻ നിലവിൽ എത്ര പേർക്ക് നൽകുന്നുണ്ടെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് നിർദ്ധനരായ കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും സഹായമായി നൽകുന്ന കലാകാരപെൻഷൻ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് മുഖേന 1876 പേർക്കും കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയിൽ നിന്ന് 164 പേർക്കും നൽകുന്നുണ്ട്. ഇതു കൂടാതെ, കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് മുഖേന 4315 പേർക്ക് പ്രതിമാസം 4000/- രൂപ നിരക്കിൽ സൂപ്പർ ആന്വേഷൻ പെൻഷനും 351 പേർക്ക് 1100/- രൂപ നിരക്കിൽ ഫാമിലി പെൻഷനും 5 പേർക്ക് 1100/- രൂപ നിരക്കിൽ അവശതാ പെൻഷനും നൽകി വരുന്നു. |
| (ബി) | പ്രതിമാസം എത്ര തുകയാണ് പെൻഷൻ നൽകി വരുന്നതെന്ന് വിശദമാക്കാമോ; | (ബി) | കലാകാര പെൻഷൻ ഇനത്തിൽ പ്രതിമാസം 1600/- രൂപ നൽകി വരുന്നുണ്ട്. |
| (സി) | സാംസ്കാരിക വകുപ്പ് മുഖേന കലാകാരന്മാർക്കുള്ള ചികിത്സാ ധനസഹായമായി ഈ സർക്കാർ കാലയളവിൽ എത്ര പേർക്ക് എത്ര തുക അനുവദിച്ചുവെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ? | (സി) | സാംസ്കാരിക വകുപ്പിൽ നിന്നും 977 കലാകാരന്മാർക്ക് 3,29,10,075/- (മൂന്ന് കോടി ഇരുപത്തിയൊൻപത് ലക്ഷത്തി പതിനായിരത്തി എഴുപത്തിയഞ്ച്) രൂപ ചികിത്സാ ധനസഹായമായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ